DESPATCHED
On...15/02/22

5/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1787(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15605/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 5**

ശ്രീ. ദേവദാസൻ പുന്നത്ത്,
രുദ്രവീണ,
മാനിവയൽ, കോട്ടനാട് പി.ഒ.,
മേപ്പാടി, കൽപ്പറ്റ, വയനാട് – 673 577.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, ജവഹർ സഹകരണ ഭവൻ, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം.
2. അപ്പീൽ അധികാരി & അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി), സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, ജവഹർ സഹകരണ ഭവൻ, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം. .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 14.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 5.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 1.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ദേവദാസൻ പുന്നത്ത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും 18.5.2017-ലെ 5395/എസ്.ഐ.സി-ജി7/ 2017 നമ്പർ

സ്പഷടീകരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറുപടി നൽകിയതിന് സാധുതയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം രജിസ്ട്രാർ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ കീഴിലുള്ള ഓഫീസുകളിൽ ലഭ്യമായിട്ടുള്ളതാണെന്നും ആയതിനാൽ മറുപടി ലഭ്യമാക്കാൻ കമ്മീഷൻ നിർദ്ദേശം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.9.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) കേരളത്തിൽ കോ–ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസിന്റെ കീഴിൽ/നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ, കോ–ഓപ്പറേറ്റീവ് ബാങ്കുകൾ മറ്റ് സഹകരണ സംഘങ്ങൾ എന്നിവയെ കുറിച്ച് – അവ ഏത് വിഭാഗത്തിൽപ്പെടുന്നു എന്നു ജില്ല തിരിച്ചു നൽകണമെന്നും

2) എ. കോ–ഓപ്പറേറ്റീവ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ /ബാങ്കുകൾ/മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ ആഡിറ്റ് വിഭാഗം എത്ര അഴിമതികൾ കണ്ടെത്തിയിട്ടുണ്ട് (കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 2016 മുതൽ 2021 വരെ) എന്നും

ബി. മൊത്തം അഴിമതി ആരോപണത്തിൽപ്പെട്ട തുക എത്ര എന്നും മറ്റുമായി 9 ഇനങ്ങളിലും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.9.2021–ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിലെ 1, 2എ, ബി, 3 എ, 4 എ, ബി.,സി,ഡി, 5 എ, ബി, സി, 6 എ, ബി, സി, ഡി, ഇ, 7, 8, 9 എന്നിവയ്ക്ക് നൽകിയ മറുപടികളിൽ പൂർണ്ണ അതൃപ്തി രേഖപ്പെടുത്തി 5.10.2021–ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 2.11.2021–ന് അപ്പീൽ ഹർജിക്കാരന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ ഭൂരിഭാഗവും എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതും സഹകരണ വകുപ്പിന്റെ കീഴിൽ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, 14 ജോയിന്റ് രജിസ്ട്രാർ ഓഫീസുകൾ, 14 ആഡിറ്റ് ജോയിന്റ് ഡയറക്ടർ ആഫീസുകൾ എന്നിവയ്ക്ക് പുറമെ സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ഓഫീസുകളിലും ലഭ്യമായതുമാണെന്നും മാത്രമല്ല ഹർജിക്കാരന്റെ അപേക്ഷയിൽ സങ്കീർണ്ണവും അവ്യക്തവുമായ നിരവധി ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു എന്നും വിവരാവകാശ നിയമത്തിലെ വകുപ്പു 6(3)–ൽ ഒരു പബ്ലിക് അതോറിറ്റിയുടെ കൈവശം ലഭ്യമല്ലാത്ത വിവരങ്ങൾ ആയത് ലഭ്യമായ മറ്റു പബ്ലിക് അതോറിറ്റിക്ക് അയച്ചു കൊടുത്ത് അപേക്ഷകനെ പ്രസ്തുത വിവരം അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അവ്യക്തവും സങ്കീർണ്ണവുമായ നിരവധി വിവരങ്ങൾ നിരവധി ഓഫീസുകളിലേക്ക് അയച്ചു കൊടുക്കുന്നത് അപ്രായോഗികവും ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതുമായ പ്രക്രിയ ആണെന്നും സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറി 18.5.2017 ലെ 5395/എസ്.ഐ.സി–ജി7/2017 നമ്പർ കത്തു പ്രകാരം ഇക്കാര്യത്തിൽ വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരന് എസ്.പി.ഐ.ഒ നൽകിയ മറുപടി നിയമാനുസൃതമാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ 9 പ്രധാന ചോദ്യങ്ങളാണ് ഉണ്ടായിരുന്നതെങ്കിലും ഓരോ ചോദ്യത്തിനുമൊപ്പം നിരവധി ഉപചോദ്യങ്ങളും ഉൾപ്പെടുത്തിയിരുന്നു എന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ ഭൂരിഭാഗവും ടി ആഫീസിൽ ലഭ്യമല്ലാത്തതും സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, 14 ജോയിന്റ് രജിസ്ട്രാർ ആഫീസുകൾ, 14 ആഡിറ്റ് ജേയിന്റ് ഡയറക്ടർ ആഫീസുകൾ എന്നിവയ്ക്ക് പുറമെ സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള മറ്റ് ആഫീസുകളിലും ലഭ്യമായതായിരുന്നു എന്നും അപേക്ഷയിൽ സങ്കീർണ്ണവും അവ്യക്തവുമായ നിരവധി ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു എന്നും വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം പബ്ലിക് അതോറിറ്റിയുടെ കൈവശം ലഭ്യമല്ലാത്ത വിവരങ്ങൾ ആയത് ലഭ്യമായ മറ്റു പബ്ലിക് അതോറിറ്റിക്ക് അയച്ചു കൊടുത്ത് അപേക്ഷകനെ വിവരം അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അവ്യക്തവും സങ്കീർണ്ണവുമായ നിരവധി വിവരങ്ങൾ നിരവധി ആഫീസുകളിലേക്ക് അയച്ചു കൊടുക്കുന്നത് അപ്രായോഗികവും ആഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതുമായ പ്രക്രിയയാണെന്നും ടി ഓഫീസിൽ നിന്നും അപേക്ഷകന് 24.9.20921, 2.11.2021 എന്നീ തീയതികളിൽ നൽകിയിരുന്ന മറുപടികൾ നിയമാനസൃതമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും നേരിൽ കേട്ടവേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. പ്രധാന 9 ഇനങ്ങളിലും ഉപ ഇനങ്ങളിലുമായി ബൃഹത്തായ ചോദ്യങ്ങളാണ് വിവരാവകാശ അപേക്ഷയിലൂടെ ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്നതെന്നും ടി അപേക്ഷയിന്മേൽ 6(3) പ്രകാരം നടപടി സ്വീകരിച്ച് വിവരം ക്രോഡീകരിച്ച് നൽകിയില്ല എന്നതാണ് ടിയാന്റെ അപ്പീൽ ഹർജിയിലെ പ്രധാന ആക്ഷേപം എന്നും കമ്മീഷന് ബോധ്യമാകുന്നു. ഇക്കാര്യത്തിൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ ഭൂരിഭാഗവും സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ്, 14 ജോയിന്റ് രജിസ്ട്രാർ ഓഫീസുകൾ, 14 ആഡിറ്റ് ജോയിന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവയ്ക്ക് പുറമെ സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള മറ്റ് ഓഫീസുകളിലുമാണ് ലഭ്യമാകുക എന്ന് രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും വിവരം പ്രാപ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട എസ്.പി.ഐ.ഒ മാർക്ക് അയച്ചു കൊടുത്ത് പ്രാപ്യമാക്കുവാൻ കഴിയുന്ന വിവരങ്ങൾ 28.2.2022നകം ഹർജിക്കാരന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ രണ്ടാം എതിർകക്ഷി സ്വീകരിക്കണമെന്നും, സഹകരണ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഓഫീസുകളിൽ നിന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാകുക എന്ന് അറിയാമെങ്കിൽ പ്രസ്തുത പൊതു അധികാരികളുടെ വിശദാംശങ്ങൾ കൂടി ഹർജിക്കാരന് നൽകണമെന്നും, അപ്രകാരം സഹകരണ വകുപ്പിന്റെ കീഴിലുള്ള ബന്ധപ്പെട്ട പൊതു അധികാരികൾക്ക് വിവരാവകാശ അപേക്ഷകൾ പ്രത്യേകം സമർപ്പിച്ച് ഹർജിക്കാരന് വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിക്കന്നു.

6. വിവരാവകാശ നിയമ പ്രകാരം ഏത് അധികാരസ്ഥാനത്താണ് വിവരം ലഭ്യമാകുക എന്ന് കണ്ടെത്തി പ്രസ്തുത പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകേണ്ട ചുമതല അപേക്ഷകന്റേതാണ്. ആയതിനാൽ ഇത്തരത്തിലുള്ള

ബൃഹത്തായ വിവരാവകാശ അപേക്ഷ നൽകുന്നതുമൂലം ടി സ്ഥാപനത്തിൽ നിന്നും പൊതു ജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങൾക്ക് തടസം വരാതെയും പൊതു അധികാരിയുടെ ദൈനംദിന പ്രവർത്തനത്തെ തടസപ്പെടുത്തുന്ന തരത്തിലുമുള്ള ബൃഹത്തായ അപേക്ഷകൾ നൽകുന്നത് കഴിവതും ഒഴിവാക്കുവാൻ അപേക്ഷകൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. . മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk